©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ഫെബ്രുവരി 16
16th February 2026
1201 കുംഭം 4
4th Kumbham 1201
1947 മാഘം 27
27th Magha 1947

നമ്പർ
No. 638

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 15/2026/തസ്വഭവ. തീയതി, തിരുവനന്തപുരം, *2026 ഫെബ്രുവരി, 12*
1201 മകരം, 29
1947 മാഘം, 23.

എസ്. ആർ. ഒ. നമ്പർ 188/2026

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 40-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കോട്ടയം നഗരസഭ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, വിജയപുരം ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി, കേരള സർക്കാർ, 2025 നവംബർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 60/2025/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചതും 2025 നവംബർ 6-ാം തീയതിയിലെ 3947-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1282/2025 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതിനാലും;

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 41-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ 27-ാം ചട്ടപ്രകാരവും, പ്രസ്തുത ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടി ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതിനാലും;

ഇപ്പോൾ, അതിനാൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 41-ാം വകുപ്പ് (2)-ാം ഉപവകുപ്പും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ 27-ാം ചട്ടം (1)-ാം ഉപചട്ടവും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, പ്രസ്തുത ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടി പ്രസ്തുത ആക്ടിന്റെ 42-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു, അതായത്:-

1. ചെയർപേഴ്സൺ, കോട്ടയം മുനിസിപ്പാലിറ്റി - ചെയർപേഴ്സൺ
2. പ്രസിഡന്റ്, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് - അംഗം
3. പ്രസിഡന്റ്, വിജയപുരം ഗ്രാമപഞ്ചായത്ത് - അംഗം
4. വൈസ്ചെയർമാൻ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം
5. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം
6. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം
7. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം
8. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം
9. വിദ്യാഭ്യാസ - കലാകായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം
10. വാർഡ് 2-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം
11. വാർഡ് 5-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി - അംഗം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12. വാർഡ് 9-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

13. വാർഡ് 11-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

14. വാർഡ് 15-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

15. വാർഡ് 16-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

16. വാർഡ് 17-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

17. വാർഡ് 19-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

18. വാർഡ് 24-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

19. വാർഡ് 26-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

20. വാർഡ് 29-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

21. വാർഡ് 33-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

22. വാർഡ് 43-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

23. വാർഡ് 44-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

24. വാർഡ് 46-ലെ കൗൺസിലർ, കോട്ടയം മുനിസിപ്പാലിറ്റി – അംഗം

25. വൈസ് പ്രസിഡന്റ്, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – അംഗം

26. വാർഡ് 2-ലെ മെമ്പർ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – അംഗം

27. വാർഡ് 6-ലെ മെമ്പർ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – അംഗം

28. വാർഡ് 10-ലെ മെമ്പർ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – അംഗം

29. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – അംഗം

30. വാർഡ് 21-ലെ മെമ്പർ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – അംഗം

31. വൈസ് പ്രസിഡന്റ്/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വിജയപുരം ഗ്രാമപഞ്ചായത്ത് – അംഗം

32. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വിജയപുരം ഗ്രാമപഞ്ചായത്ത് – അംഗം

33. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വിജയപുരം ഗ്രാമപഞ്ചായത്ത് – അംഗം

34. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വിജയപുരം ഗ്രാമപഞ്ചായത്ത് – അംഗം

35. വാർഡ് 6-ലെ മെമ്പർ, വിജയപുരം ഗ്രാമപഞ്ചായത്ത് – അംഗം

36. ജില്ലാ ടൗൺ പ്ലാനർ, കോട്ടയം – മെമ്പർ സെക്രട്ടറി

37. സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി – കൺവീനർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

38. സെക്രട്ടറി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് – അംഗം

39. സെക്രട്ടറി, വിജയപുരം ഗ്രാമപഞ്ചായത്ത് – അംഗം

40. ശ്രീ. ഉമ്മൻ സി. വേങ്ങൽ (റിട്ട. എഞ്ചിനീയർ, കേരള പി.ഡബ്ല്യു.ഡി) – വിദഗ്ധ അംഗം

41. ശ്രീ. അനിൽ കമാർ പി. [റിട്ട. ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)] – വിദഗ്ധ അംഗം

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,

ഗവൺമെന്റ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 40-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, കോട്ടയം നഗരസഭ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, വിജയപുരം ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി, 2025 നവംബർ 5-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 60/2025/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചതും 2025 നവംബർ 6-ാം തീയതിയിലെ 3947-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1282/2025 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത ആക്ടിന്റെ 41-ാം വകപ്പ് (2)-ാം ഉപവകുപ്പ് പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ 27-ാം ചട്ടം (1)-ാം ഉപചട്ടപ്രകാരവും, പ്രസ്തുത ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടി ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.16 07:20:20 +05:30